# ജില്ലാ ബാങ്ക് വാർത്ത

കാസർകോട് ജില്ലാ സഹകരണ ബാങ്ക് ന്യൂസ് ബുള്ളറ്റിൻ

പുസ്തകം ഒന്ന്    ലക്കം പത്ത്    മാർച്ച് 2013

# കോർബാങ്കിംഗ് സൊല്യൂഷൻസ്: കമ്പ്യൂട്ടർ ലാബ് ഉദ്ഘാടനം ചെയ്തു




*കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ജില്ലാ സഹകരണ ബാങ്കിൽ സജ്ജമാക്കിയ കമ്പ്യൂട്ടർ ലാബ് ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ് പി സി രാമൻ ഉദ്ഘാടനം ചെയ്യുന്നു.*



*കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ജില്ലാ സഹകരണ ബാങ്കിൽ സജ്ജമാക്കിയ കമ്പ്യൂട്ടർ ലാബ്*

**കാസർകോട്:** ഇടപാടുകാർക്ക് മെച്ചപ്പെട്ട ആധുനിക ബാങ്കിംഗ് സേവനം ലഭ്യമാക്കുന്നതിനായി കാസറഗോഡ് ജില്ലാ സഹകരണ ബാങ്കിൽ കോർ ബാങ്കിംഗ് സംവിധാനത്തിന് തുടക്കമായി. ഇതിന്റെ ഭാഗമായി കാസർകോട് മെയിൻ, പരപ്പ, സീതാംഗോളി, അമ്പലത്തറ ശാഖകളിലെ ഇടപാടുകൾ പൂർണ്ണമായും പുതിയ സംവിധാനത്തിലേക്ക് മാറിക്കഴിഞ്ഞു. മാർച്ച് അവസാനത്തോടെ മുഴുവൻ ശാഖകളും കോർബാങ്കിംഗ് സംവിധാനത്തിലേക്ക് കൊണ്ടുവരുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരികയാണ്.

കോർ ബാങ്കിംഗ് സംവിധാനവുമായി ബന്ധപ്പെട്ട് ബാങ്കിലെ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനായി നബാർഡിന്റെ സഹായത്തോടെ ഹെഡ്ഡാഫീസിൽ സജ്ജമാക്കിയ ആധുനിക സൗകര്യങ്ങളോയുകൂടിയ കമ്പ്യൂട്ടർ ലാബ് ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ് പി സി രാമൻ ഉദ്ഘാടനം ചെയ്തു. ജില്ലാ സഹകരണ ബാങ്ക് ഭരണ സമിതി അംഗം കെ വെളുത്തമ്പു അധ്യക്ഷതവഹിച്ചു. നബാർഡ് എ.ജി.എം എൻ ഗോപാലൻ, ഭരണസമിതി അംഗങ്ങളായ ബാലകൃഷ്ണ വോർക്കുഡ്‌ലു അഡ്വ. കെ കരുണാകരൻ നമ്പ്യാർ, ഇ അബൂബക്കർ, വി കൃഷ്ണൻ എന്നിവർ പ്രസംഗിച്ചു. ജനറൽ മാനേജർ എ അനിൽകുമാർ സ്വാഗതവും ഐ.ടി വിഭാഗം തലവനായ കെ ജയരാജൻ നന്ദിയും പറഞ്ഞു.

## പരിശീലനം നൽകി

**കാസർകോട്:** ജില്ലാ സഹകരണ ബാങ്കിൽ കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി മാനേജർമാർ, സീനിയർ അക്കൗണ്ടന്റുമാർ, ജൂനിയർ അക്കൗണ്ടന്റുമാർ എന്നിവരിൽ നിന്നായി 70 ഓളം പേർക്ക് ആദ്യഘട്ട പരിശീലനം നൽകി. അവശേഷിക്കുന്നവർക്ക് വരും ദിവസങ്ങളിലായി പരിശീലനം നൽകും.

ഐ.ടി വിഭാഗം തലവൻ കെ ജയരാജൻ, സിസ്റ്റം അഡ്മിനിസ്ട്രേറ്റർ ബിജു ഷറഹബീൽ, സീനിയർ അക്കൗണ്ടന്റുമാരായ കെ സുരേഷ് ബാബു, കെ മുസ്തഫ, സി ഷിബു ജൂനിയർ അക്കൗണ്ടന്റുമാരായ എൻ മധു, കൃഷ്ണകുമാർ ബള്ളാൽ, കെ അനീഷ് കുമാർ, ക്ലാർക്കുമാരായ ഇ മനോജ്, കെ വി ശ്രീജിത്ത് കുമാർ എന്നിവരുടെ നേതൃത്വത്തിലാണ് പരിശീലനവും മൈഗ്രേഷൻ ഉൾപ്പടെയുള്ള മറ്റു പ്രവർത്തനങ്ങളും നടക്കുന്നത്.

# എഡിറ്റോറിയൽ

## കുടിശ്ശിക നിവാരണ യജ്ഞവും നിക്ഷേപ സമാഹരണവും

2012-13 സാമ്പത്തിക വർഷം അവസാനിക്കാൻ ബാക്കിയുള്ളത് ദിവസങ്ങൾ മാത്രം. മാർച്ച് കടന്നുപോകുമ്പോൾ ലക്ഷ്യങ്ങൾ മറികടന്ന് വിജയക്കൊടി പാറിച്ച് മുന്നോട്ടുപോകാനാണ് ബാങ്കുകൾ ഉൾപ്പടെ എല്ലാവരും ആഗ്രഹിക്കുന്നത്.

നിക്ഷേപ സമാഹരണം, വായ്പാ വിതരണം, കുടിശ്ശിക നിവാരണം എന്നിവയിൽ ലക്ഷ്യം കൈവരിച്ച് സാമ്പത്തിക വർഷം പിന്നിടേണ്ടത് നാടിന്റെയും നാട്ടുകാരുടേയും ആവശ്യംകൂടിയാണ്. ബാങ്കുകൾ ഉണ്ടെങ്കിലേ നാടിന്റെ നിലനിൽപ്പ് സാധ്യമാകൂ എന്നതിനാൽ സമൂഹത്തിലെ നാനാവിഭാഗമാളുകളുടേയും ആശ്രയകേന്ദ്രമായ നമ്മുടെ നാട്ടിലെ സഹകരണ ബാങ്കുകൾ വളർച്ചയുടെ ഉന്നത സ്ഥാനങ്ങൾ കൈവരിക്കേണ്ടതുണ്ട്. ഇതിന്നായി ബാങ്ക് ഭരണസമിതിയും ജീവനക്കാരും ചേർന്ന് നടത്തുന്ന നിക്ഷേപ സമാഹരണ-കുടിശ്ശിക നിവാരണ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരാൻ എല്ലാ ഇടപാടുകാരും തയ്യാറാകണം. കിട്ടാക്കടം എല്ലാ ബാങ്കുകളേയും പോലെ സഹകരണബാങ്കുകളേയും അപകടത്തിലേക്ക് തള്ളിവിടും. കൂടുതൽ തുക കരുതൽ വെക്കേണ്ടിവരുമെന്നതിനാൽ **നിഷ്ക്രിയ ആസ്തികൾ (NPA-Non performing assets)** വർദ്ധിക്കുന്നത് ഒരു ബാങ്കിനും ഗുണകരമല്ല.

കുടിശ്ശിക നിവാരണത്തിന്റെ ഭാഗമായി കാസർകോട് ജില്ലാ സഹകരണ ബാങ്ക് എല്ലാ വ്യക്തിഗത വായ്പകളിലേയും (സ്വർണ്ണ പണ്ട പണയ വായ്പ ഒഴികെ) പിഴപ്പലിശ ഒഴിവാക്കികൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ സൗകര്യം പ്രയോജനപ്പെടുത്തി ബഹുമാന്യ ഇടപാടുകാർ അവരവരുടെ വായ്പാ അക്കൗണ്ടുകളിലെ കുടിശ്ശിക തീർത്ത് നിയമ നടപടികളിൽ നിന്നും ഒഴിവാകേണ്ടതാണ്.


**മാനേജിംഗ് എഡിറ്റർ**
എ അനിൽ കുമാർ
ജനറൽ മാനേജർ

**ചീഫ് എഡിറ്റർ**
സി ബാലകൃഷ്ണൻ
ഡെപ്യൂട്ടി ജനറൽ മാനേജർ

**എഡിറ്റർ**
സി സഹദ്

**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ**
വി കൃഷ്ണൻ
എം പ്രവീൺകുമാർ
കെ മോഹനൻ
കെ അനീഷ്


## ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റിന് സ്വീകരണം നൽകി

**ചെറുവത്തൂർ:** ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ചെറുവത്തൂർ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് പി സി രാമന് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ഭരണ സമിതിയുടേയും ജീവനക്കാരുടേയും നേതൃത്വത്തിൽ സ്വീകരണം നൽകി.

ബാങ്ക് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ഡയറക്ടർ കെ രാഘവൻ അധ്യക്ഷതവഹിച്ചു. ഭരണസമിതിക്കുവേണ്ടി ഡയറക്ടർ ടി ഗംഗാധര പൊതുവാളും ജീവനക്കാർക്കുവേണ്ടി മാനേജിംഗ് ഡയറക്ടർ പി കെ വിനയകുമാറും പി സി രാമനെ പൊന്നാട അണിയിച്ചു. സ്റ്റാഫ് കൗൺസിൽ പ്രസിഡന്റ് ഇ കെ ചന്ദ്രശേഖരൻ, കെ പി സക്കീറലി, ഭരണ സമിതി അംഗങ്ങളായ എൻ സി രാജു, മാടായി കുഞ്ഞിക്കണ്ണൻ, സി വി രാമചന്ദ്രൻ, എം തങ്കമണി തുടങ്ങിയവർ പ്രസംഗിച്ചു. പി രാജശേഖരൻ സ്വാഗതവും പി കെ പ്രീതി നന്ദിയും പറഞ്ഞു.

## ജില്ലാ സഹകരണബാങ്ക് വാർഷിക പൊതുയോഗം മാർച്ച് 23ന്

**കാസർകോട്:** കാസർകോട് ജില്ലാ സഹകരണബാങ്കിന്റെ വാർഷിക പൊതുയോഗം മാർച്ച് 23ന് രാവിലെ 11 മണിക്ക് ജില്ലാ സഹകരണ ബാങ്ക് കോൺഫറൻസ് ഹാളിൽ നടക്കും. 2010-11, 2011-12 വർഷങ്ങളിലെ പ്രവർത്തന റിപ്പോർട്ട്, ആഡിറ്റ് റിപ്പോർട്ട്, വരവ് ചെലവ് കണക്കുകൾ, ലാഭനഷ്ട കണക്കുകൾ എന്നിവ അംഗീകരിക്കൽ, 2013-14 വർഷത്തെ കരട് ബജറ്റ് അംഗീകരിക്കൽ തുടങ്ങിയവയാണ് പ്രധാന അജണ്ട.

## ഭക്ഷ്യ സംസ്കരണ ശിൽപ്പശാല നടത്തി

**കരിന്തളം:** കരിന്തളം സർവ്വീസ് സഹകരണ ബാങ്കിന്റെയും കരിന്തളം ഫാർമേഴ്സ് ക്ലബ്ബിന്റെയും നബാർഡിന്റെയും സംയുക്താഭിമുഖ്യത്തിൽ ഭക്ഷ്യസംസ്കരണ ശിൽപ്പശാല സംഘടിപ്പിച്ചു. പൈനാപ്പിളും പപ്പായയും ഉപയോഗിച്ച് ജാം, പച്ചമാങ്ങയിൽ നിന്നും സ്ക്വാഷ്, ചക്കയുടെ ചകിണിയിൽ നിന്നും ജെല്ലി തുടങ്ങിയവ തയ്യാറാക്കുന്നവിധം കാസർകോട് കൃഷി വിജ്ഞാന കേന്ദ്രം ശാസ്ത്രജ്ഞയായ ഡോ.നിലോഫർ വിശദീകരിച്ചു. നമ്മുടെ നാട്ടിൽ സുലഭമായി ലഭിക്കുന്ന പഴവർഗ്ഗങ്ങളിൽ നിന്നും ജാം, സ്ക്വാഷ് എന്നിവയും ചക്കയുടെ ഉപയോഗ ശൂന്യമായ ഭാഗങ്ങളിൽ നിന്ന് ജെല്ലിയും തയ്യാറാക്കുന്നതും അച്ചാർ, ജാം, സ്ക്വാഷ് തുടങ്ങിയവ കേടുകൂടാതെ സംരക്ഷിക്കുന്നതിനുള്ള മാർഗങ്ങളും ഉൾപ്പടെ അറിവിന്റെ വിസ്മയം പകർന്നുനൽകുന്നതായിരുന്നു ശിൽപ്പശാല. ബാങ്ക് കോൺഫറൻസ് ഹാളിൽ നടന്ന പ്രായോഗിക പരിശീലന പരിപാടി സെക്രട്ടറി കെ ഗംഗാധരൻ ഉദ്ഘാടനം ചെയ്തു. ആർ. വി പവിത്രൻ അധ്യക്ഷതവഹിച്ചു. ചീഫ് പ്രൊമോട്ടർ എം ചന്ദ്രൻ പ്രസംഗിച്ചു.

# കുടിശ്ശിക പിരിവ്: നടപടികൾ ഊർജ്ജിതമാക്കി
## പിഴപ്പലിശ ഒഴിവാക്കാൻ തീരുമാനം

**കാസർകോട്:** സാമ്പത്തിക വർഷം അവസാനിക്കാനിരിക്കെ കുടിശ്ശിക കുറക്കുന്നതിനായി ജില്ലാ സഹകരണ ബാങ്ക് നടപടികൾ ഊർജ്ജിതമാക്കി. ഇതിന്റെ ഭാഗമായി കുടിശ്ശികയായ വ്യക്തിഗത വായ്പകൾക്ക് (സ്വർണ്ണപണ്ട പണയ വായ്പ ഒഴികെ )പിഴപ്പലിശ ഒഴിവാക്കി കൊടുക്കാൻ ഭരണസമിതിയോഗം തീരുമാനിച്ചു. ഇത് പ്രകാരം 2013 മാർച്ച് 31 നകം വായ്പാ കുടിശ്ശിക തീർക്കുന്ന ഇടപാടുകാരിൽ നിന്നും പിഴപ്പലിശ ഈടാക്കുന്നതല്ല. ഈ സൗകര്യം പ്രയോജനപ്പെടുത്തി വായ്പാ കുടിശ്ശിക അടച്ചു തീർത്ത് നിയമനടപടികളിൽ നിന്ന് ഒഴിവാകണമെന്ന് ജനറൽ മാനേജർ അറിയിച്ചു.

ഈ സൗകര്യം പ്രയോജനപ്പെടുത്താതിരിക്കുകയും ബാങ്കിന് വൻ ബാധ്യത വരുത്തുന്നതുമായ വായ്പകളിൽ എ.ആർ.സി, സർഫേസി നടപടികൾ സ്വീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. കുടിശ്ശികക്കാരെ നേരിൽകണ്ട് വായ്പാ തിരിച്ചടവിന്റെ പ്രാധാന്യവും തിരിച്ചടക്കാത്തപക്ഷം നേരിടാൻപോകുന്ന നിയമ നടപടികളെക്കുറിച്ചും ബോധ്യപ്പെടുത്തിവരികയാണ്. സെക്യൂരിറ്റൈസേഷൻ നിയമപ്രകാരം കേസെടുത്ത കാസർകോട് മെയിൻ ബ്രാഞ്ചിലെ വായ്പയിൽ ജാമ്യവസ്തുവായ 17.05 സെന്റ് സ്ഥലം കോടതി കമ്മീഷണറുടെ സാന്നിദ്ധ്യത്തിൽ ബാങ്കിന്റെ പേരിൽ കൈവശപ്പെടുത്തിയിട്ടുണ്ട്. ഇതേ നിയമപ്രകാരം 20 ഓളം കേസുകളിൽ ജാമ്യവസ്തു കൈവശപ്പെടുത്തുന്നതിനായി കാസർകോട് സി.ജെ.എം കോടതിൽ അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്.




*കാസർകോട് മെയിൻ ബ്രാഞ്ചിലെ വായ്പയിൽ ജാമ്യവസ്തുവായ 17.5 സെന്റ് സ്ഥലം സെക്യൂരിറ്റൈസേഷൻ നിയമ പ്രകാരം കൈവശപ്പെടുത്തുന്നു.*

# ബാങ്ക് വായ്പ - വിനിയോഗവും തിരിച്ചടവും സെമിനാർ സംഘടിപ്പിച്ചു

**കാസർകോട്:** ജില്ലാ സഹകരണ ബാങ്കിൽ നബാർഡിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന ക്രെഡിറ്റ് കൗൺസലിങ് ആന്റ് ലൈവ്‌ലിഹുഡ് പ്രൊമോഷൻ സെന്ററിന്റെ (കൈത്താങ്ങ്) ആഭിമുഖ്യത്തിൽ ബാങ്ക് വായ്പ വിനിയോഗവും തിരിച്ചടവും എന്ന വിഷയത്തിൽ സെമിനാറും ബയോഗ്യാസ് പ്ലാന്റ് പ്രദർശനവും സംഘടിപ്പിച്ചു.

ജില്ലാ സഹകരണ ബാങ്ക് ചുള്ളിക്കര ശാഖയിലെ ഇടപാടുകാർക്കായി ചുള്ളിക്കര സെന്റ് മേരീസ് പാരിഷ്ഹാളിൽ നടന്ന പരിപാടി ജില്ലാ സഹകരണ ബാങ്ക് ഡയറക്ടർ വി കൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. കള്ളാർ ഗ്രാമപഞ്ചായത്ത് മെമ്പർ കെ ഗോപി, റെയ്ഡ്കോ കാഞ്ഞങ്ങാട് ബ്രാഞ്ച് മാനേജർ തമ്പാൻ എന്നിവർ പ്രസംഗിച്ചു. അഡ്വ. വി വി രവീന്ദ്രൻ, അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺ കുമാർ എന്നിവർ ക്ലാസെടുത്തു. ചുള്ളിക്കര ശാഖാ മാനേജർ പി ചന്ദ്രശേഖരൻ സ്വാഗതവും സുലഭ ഫാർമേഴ്സ് ക്ലബ്ബ് പ്രസിഡന്റ് ജോൺ ജേക്കബ് നന്ദിയും പറഞ്ഞു.



*ജില്ലാ സഹകരണ ബാങ്ക് ക്രെഡിറ്റ് കൗൺസലിംഗ് സെന്ററിന്റെ നേതൃത്വത്തിൽ ചുള്ളിക്കരയിൽ സംഘടിപ്പിച്ച സെമിനാർ ഡയറക്ടർ വി കൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.*

# നബാർഡ് സംഘം
# പൗൾട്രി വില്ലേജ് പദ്ധതി സന്ദർശിച്ചു



*നബാർഡ് സംഘം പരപ്പ പൗൾട്രി വില്ലേജ് പദ്ധതി സന്ദർശിച്ചപ്പോൾ*




*നബാർഡ് സംഘം സഞ്ജീവനി ഫാർമേഴ്സ് ക്ലബ്ബ് പ്രവർത്തകർക്കൊപ്പം*

**പരപ്പ :** കാസർകോട് ജില്ലാ സഹകരണ ബാങ്ക് പരപ്പ ശാഖയുടേയും നബാർഡിന്റെയും കുടുംബശ്രീയുടേയും സഞ്ജീവനി വനിതാ ഫാർമേഴ്സ് ക്ലബ്ബിന്റെയും സംയുക്താഭിമുഖ്യത്തിൽ മലയോരഗ്രാമമായ പരപ്പയിൽ നടപ്പിലാക്കിവരുന്ന പൗൾട്രി വില്ലേജ് പദ്ധതി നബാർഡിന്റെ പരിശോധനാ സംഘം സന്ദർശിച്ചു. നബാർഡ് ഓഫീസർമാരായ എച്ച്.എസ് നായർ, എസ് ഗോപാലകൃഷ്ണൻ എന്നിവരുടെ നേതൃത്വത്തിലാണ് കോഴി വളർത്തൽ യൂണിറ്റുകൾ, പരപ്പ ടൗണിലെ വിപണന കേന്ദ്രം, ജില്ലാസഹകരണ ബാങ്ക് പരപ്പ ശാഖയ്ക്ക് സമീപം സ്ഥാപിച്ചിരിക്കുന്ന വില്ലേജ് നോളജ് സെന്റർ എന്നിവ സന്ദർശിച്ചത്. പദ്ധതി നടത്തിപ്പിന് മേൽനോട്ടം വഹിക്കുന്ന ഫാർമേഴ്സ് ക്ലബ്ബ് അംഗങ്ങൾ, ഗുണഭോക്താക്കളായ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് അംഗങ്ങൾ എന്നിവരുമായി ചർച്ച നടത്തിയ സംഘം പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ വിശദമായി പരിശോധിച്ചു. പദ്ധതിയുടെ അനുബന്ധ സംരംഭങ്ങളായ അസോള കൃഷി, ബയോഗ്യാസ് പ്ലാന്റ് എന്നിവയെക്കുറിച്ചും നബാർഡ് സംഘം ചോദിച്ചറിഞ്ഞു.

പദ്ധതിവഴി പ്രതിദിനം 8000ൽ അധികം നാടൻ കോഴിമുട്ടകൾ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നുണ്ടെന്നും ഇവ തൊട്ടടുത്ത ദിവസം തന്നെ വിൽക്കാൻ കഴിയുന്നതായും ഫാർമേഴ്സ് ക്ലബ്ബ് പ്രസിഡന്റ് സി രമണി , സെക്രട്ടറി ക്ലാരമ്മ എന്നിവർ നബാർഡ് സംഘത്തിനുമുമ്പാകെ വിശദീകരിച്ചു. പൗൾട്രി വില്ലേജ് പദ്ധതിയിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ മുട്ട കേക്ക്, മുട്ട അച്ചാർ എന്നിവയെ പരിചയപ്പെടുത്തിയ ഫാർമേഴ്സ് ക്ലബ്ബ് പ്രതിനിധികൾ കോഴികളുടെ ഇൻഷൂറൻസ് ഉറപ്പാക്കുന്നതിനും പദ്ധതിയുടെ ഭാഗമായി കോഴിത്തീറ്റ ഫാക്ടറി ആരംഭിക്കുന്നതിനും നബാർഡിന്റെ സഹായം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചു. കൂടുതൽ കോഴികളെ ഉൾപ്പെടുത്തി പദ്ധതി വഴിയുള്ള വരുമാനം വർദ്ധിപ്പിക്കണമെന്ന് ഗുണഭോക്താക്കളോട് നബാർഡ് സംഘം നിർദ്ദേശിച്ചു.

സ്ത്രീ ശാക്തീകരണം, ഭക്ഷ്യസുരക്ഷ എന്നിവ ലക്ഷ്യമാക്കി ജില്ലാ സഹകരണ ബാങ്ക് പരപ്പ ശാഖയുടെ പ്രവർത്തന പരിധിയിലുള്ള കുടുംബ ശ്രീയൂണിറ്റുകളിലെ അംഗങ്ങളായ 170 പേരെ ഉൾപ്പെടുത്തിയാണ് പൗൾട്രി വില്ലേജ് പദ്ധതി നടപ്പിലാക്കിവരുന്നത്. അഞ്ചുപേർ ഉൾപ്പെടുന്ന ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളാക്കി തിരിച്ച് ഒരു ഗ്രൂപ്പിന് ഒരുലക്ഷം രൂപ വീതം 34 ഗ്രൂപ്പുകൾകൾക്കായി 34 ലക്ഷം രൂപയാണ് വായ്പ നൽകിയത്. ഗ്രൂപ്പടിസ്ഥാനത്തിൽ ലഭിച്ച വായ്പ ഉപയോഗിച്ച് ജെ.എൽ.ജി അംഗങ്ങൾ ഓരോരുത്തരും അവരവരുടെ വീടുകളോട് ചേർന്ന് കോഴിക്കൂട് സ്ഥാപിച്ച് 50 വീതം മുട്ടക്കോഴികളെ വളർത്തുകയായിരുന്നു. ജില്ലാ സഹകരണ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ, റീജ്യണൽ മാനേജർമാരായ സി തമ്പാൻ, ടി എച്ച് ശോഭനൻ, അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺകുമാർ, ശാഖാ മാനേജർ ബി മാധവൻ എന്നിവർ നബാർഡ് സംഘത്തെ അനുഗമിച്ചു.

Edited, Printed & Published by General Manager, Kasaragod District Co-operative Bank Ltd. (Free Circulation only)
Phone- 04994-220118, 230118.